**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5343** **12-08-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സൗജന്യമായി വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് സൗജന്യമായി കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാവുമോ;വിശദാംശങ്ങൾ നൽകുമോ? | (എ) | സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച LT V (A) അഗ്രിക്കൾച്ചർ താരിഫിലാണ് നൽകി വരുന്നത്. താഴെപ്പറയുന്ന ഇളവുകളാണ് നിലവിൽ സംസ്ഥാനത്തെ കാർഷിക ഉപഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. 1. 2012-13 സാമ്പത്തിക വർഷം മുതൽ, കർഷകർക്ക് കമ്മീഷൻ നിശ്ചയിച്ചു വരുന്ന താരിഫ് നിരക്കിൽ (എനർജി ചാർജിന്) യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽ പ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക്, ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകി വരുന്നത്. 2. സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷിഭവൻ മുഖേന വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകുന്നു. ഇതിന്റെ ആനുകൂല്യം, ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് നൽകി വരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഏകദേശം 12 കോടിയോളം രൂപ വരും. 3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, യൂണിറ്റൊന്നിന് 2.76 രൂപ നിരക്കിലാണ് നൽകി വരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ അടുക്കൽ എത്തിക്കുന്നതിനാവശ്യമായ ചിലവ് ആയ (Average cost of supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ